I/23384/2023

**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 29.03.2023 തീയതിയിൽ നടന്ന ഓൺലൈൻ യോഗത്തിന്റെ മിനിട്ട്സ്.**

**സ്ഥലം – പി.എം.യു. ഓഫീസ്, തിരുവനന്തപുരം**

**പങ്കെടുത്തവർ: PMU & RPMU ഉദ്യോഗസ്ഥർ**

**സമയം: 02.30 pm**

2022-23 സാമ്പത്തിക വർഷം അവസാനിക്കുന്ന ഈ ഘട്ടത്തിൽ വിവിധ പദ്ധതികളുടെ financial & physical progress ആണ് വിലയിരുത്തുക എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ആമുഖമായി സൂചിപ്പിച്ചു. തുടർന്ന് താഴെ പറയും വിധം റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. **Financial expenditure സംബന്ധിച്ച്**

KRWSA മുഖേന 7 ഹെഡ്ഡുകളിലാണ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയത്. ആയത് സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Name of the Scheme | Head of Account | Budget Outlay Rs. In lakh | Amount released (WAMS) (Rs. In lakh) | Actual Expenditure as on 28.03.2023 (Rs. In lakh) | Percentage of Expenditure against Outlay | Percentage of Expenditure against Release | Bills pending as on 28/03/2023 for payment Releas (Rs. In lakh) | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | Completion of Water Supply Schemes under the World Bank Aided -Jalanidhi II-Project | 4215-01-800-85(P) | 125.00 | 125.00 | 160.75 | 128.6% | 128.6% | 861.36 | Expenditure including previous years balance. In sufficient funds- Re appropriate of fund has been requested |
| 2 | Sustainability Support to Community Managed Water Supply Scheme | 2215-01-102-80(P) | 3000.00 | 491.82+1500.00=1991.82 | 2269.57 | 75.65 % | 113.94 % | 183.00 | Cheques for Rs 133.86 Lakh is submitted to WAMS yet to be cleared- waiting BDS for clearance. |
| 3 | Scaling up of Rain Water Harvesting and GWR measures through KRWSA | 2215-01-800-64(P) | 1000.00 | 580.00 | 612.40 | 61.24 % | 105.59 % | 361.03 | Cheques submitted to WAMS yet to be cleared waiting for (BDS) clearance - Rs. 10.66 lakh |
| | Conversion of Homestead Wells into P | 4215-01-8 | | | | | | | Fund received o |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | rotected and Sustainable Drinking Water Sources | 00-85(P) | 400.00 | 200.00 | 37.20 | 9.3% | 18.6% | - | n 22.03.2023 |
| 5 | Water Quality Monitoring and Surveillance & Grey Water Management | 4215-02-102-99(P) | 350.00 | - | - | - | - | - | Only on submission on bills release order will be issued |
| 6 | R&D in Rural Water Technologies and Management | 4215-01-800-84(P) | 6.00 | 3.72 | - | - | - | - | Rs 3.72 received on 21/03/2023 |
| 7 | IEC, Capacity Building and Training & jalasree club | 2215-01-003-99(P) | 15.00 | 9.3 | 3.38 | 22.53 % | 36.34 % | - | Rs 9.30 received on 21/03/2023 |
| | Total | | 4896.00 | 2909.84 | 3079.92 | 62.91% | 105.84 % | 1405.39 | |

1. മേൽ സൂചിപിച്ചവയിൽ ജലനിധി, സുസ്ഥിരതാ, മഴവെള്ള സംഭരണി നിർമ്മാണം എന്നീ പദ്ധതികൾക്ക് ഈ വർഷം സർക്കാരിൽ നിന്നും ലഭിച്ച തുകയേക്കാൾ കൂടുതൽ Expenditure വന്നിട്ടുണ്ട്. അധികമായി ചെലവഴിച്ച തുക ലഭിച്ചിട്ടുള്ളത് KRWSA യുടെ വിവിധ അക്കൗണ്ടുകളിലെ മുൻ ബാലൻസ്, പലിശതുക, മുൻ വർഷങ്ങളിലെ ഇതേ പദ്ധതികൾ നടപ്പിലാക്കിയതിന്റെ അക്കൌണ്ട് സെറ്റിൽ ചെയ്തപ്പോൾ തിരികെ ലഭിച്ച തുക, മഴവെള്ള സംഭരണി നിർമ്മാണത്തിന് ലഭിച്ച ഗുണഭോക്തൃ വിഹിതം എന്നിവയിൽ നിന്നുമാണ്. ഇത്തരത്തിലുള്ള ചെലവിടൽ Financial propriety ക്ക് എതിരാണെന്നും KRWSA യുടെ മുഴുവൻ അക്കൗണ്ടുകളും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. സുസ്ഥിരതാ പദ്ധതി, മഴവെള്ള സംഭരണി നിർമ്മാണം എന്നിവയുടെ ചെക്കുകൾ Bill discounting system-ത്തിൽ പ്രോസസ്സ് ചെയ്യണമെങ്കിൽ കരാറുകാരുടെ Willingness ആവശ്യമാണെന്നും ആയത് follow up ചെയ്യണം എന്നും EDനിർദേശിച്ചു.- **DFA i/c 10/4/23**

2. കിണറുകൾ സുസ്ഥിര സ്രോതസ്സാക്കി മാറ്റുന്ന പ്രവൃത്തികൾക്ക് 2 കോടി രൂപ ലഭിച്ചു. 531 യൂണിറ്റുകളിൽ 221 എണ്ണം പൂർത്തീകരിച്ചിട്ടും 18 .6 % മാത്രമാണ് Expenditure ആയിട്ടുള്ളത്. ടാർഗറ്റ് ചെയ്തിരുന്ന യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കാത്തതിലും, പൂർത്തീകരിച്ച എണ്ണത്തിന്റെ ബിൽ തുക സെറ്റിൽ ചെയ്യാത്തതിലും എക്സിക്യൂട്ടീവ് ഡയറക്ടർ അസംതൃപ്തി രേഖപ്പെടുത്തി. മഴക്കാലത്തിന് മുൻപായി പ്രവൃത്തികൾ പൂർത്തീകരിക്കണം. PMU വിൽ നിന്നും ഇക്കാര്യത്തിന് ചുമതലയുള്ള M ( RC ) ൽ നിന്നും വിശദീകരണം ചോദിക്കുവാൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. – **DFA i/c 10/4/23**
3. WQMS & ഗ്രേ വാട്ടർ മാനേജ്മെന്റ് പദ്ധതിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തീകരിച്ചു ബില്ലുകൾ തെയ്യാറാക്കി നൽകിയിരുന്നുവെങ്കിൽ ഫണ്ട് ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടായിരുന്നു. ആയത് വിനിയോഗിച്ചില്ല. PMU വിലെ സാങ്കേതിക വിഭാഗത്തിന്റെ ഇടപെടലുകൾ പദ്ധതി വൈകുവാൻ കരണമായെന്നതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അതൃപ്തി അറിയിച്ചു. പദ്ധതി പൂർത്തീകരണത്തിന് നിരന്തരം follow up ചെയ്യണം **DD ( WC), RPDs**
4. R & D ഇനത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള പ്രൊപോസൽ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് റിവൈസ് ചെയ്യേണ്ടി വരുമെന്ന് DT അറിയിച്ചു. പ്രോപ്പസലിൽ ന്യൂനതകൾ ഉള്ളതിനാലാണ് വീണ്ടും ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരേണ്ടി വരുന്നത് . ഇതിന് ഇടവരുത്തിയ DT യിൽ നിന്നും വിശദീകരണം ചോദിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. **DFA i/c – 10/4/23**
5. 22/03/23 മുതൽ 31/3/23 വരെ സുസ്ഥിരതാ പദ്ധതിയിലെ ( back log ) 19 സ്കീമുകളാണ് restore ചെയ്യുവാൻ ടാർഗറ്റ് ചെയ്തിരുന്നത്. എന്നാൽ 8 സ്കീമുകളാണ് ഇതുവരെ പൂർത്തീകരിച്ചത്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവരിൽ നിന്നും വിശദീകരണം ചോദിക്കുന്നതിന് RPD മാർക്ക് നിർദ്ദേശം നൽകി. **RPD ഇടുക്കി , മലപ്പുറം 10/4/23**

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സപ്പോർട്ടാണ് ഫീൽഡ് തലത്തിൽ HQ ടീം നൽകേണ്ടത്. അനാവശ്യമായി ഇടപെട്ട് ഫീൽഡ് തലത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കരുതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. അതോടൊപ്പം പദ്ധതിയുമായി ബന്ധപ്പെട്ട് 2023 ഏപ്രിൽ മാസം ജില്ലാതല വർക്ക് ഷോപ്പുകൾ MP, MLA, കളക്ടർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ , വിവിധ വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് നടത്തണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി.

യോഗ നടപടികൾ 4 pm ന് അവസാനിച്ചു

Signed by
Venkatesapathy S Ias
Date: 31-03-2023 13:09:19

**എക്സിക്യൂട്ടീവ് ഡയറക്ടർ**